സിബി (1) 48328/2016

സഹകരണസംഘംരജിസ്ട്രാർആഫീസ്
തിരുവനന്തപുരം, തീയതി, 10.11.2016
Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

## സർക്കുലർ നമ്പർ. 43/2016

വിഷയം:- 500/-, 1000/- രൂപാ നോട്ടുകൾ അസാധുവാക്കിയത്– തുടർ നടപടികൾ – സംബന്ധിച്ച്

സൂചന:- 1. സഹകരണ സംഘം രജിസ്ട്രാറുടെ 09/11/2016 ലെ 41/2016 നമ്പർ സർക്കുലർ
2. സഹകരണ സംഘം രജിസ്ട്രാറുടെ 10/11/2016 ലെ 42/2016 നമ്പർ സർക്കുലർ
3. സഹകരണ സംഘം രജിസ്ട്രാറുടെ 30/04/2016 ലെ 12/2016 നമ്പർ സർക്കുലർ

കേന്ദ്ര സർക്കാരിന്റെ 08/11/2016 ലെ S.O.3407(E) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം, രാജ്യത്ത് നിലവിലിരുന്ന 500/-, 1000/- രൂപ നോട്ടുകൾ 2016 നവംബർ മാസം 9-ാം തീയതി മുതൽ അസാധുവാക്കുകയുണ്ടായി. ഇതിനെ തുടർന്ന് സഹകരണ ബാങ്കുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന (1), (2) പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു ഇപ്രകാരം നൽകിയ നിർദ്ദേശങ്ങൾക്ക് തുടർച്ചയായി ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പ്രാഥമിക സഹകരണസംഘങ്ങൾ അസാധുവാക്കപ്പെട്ട 500/-, 1000/- രൂപ നോട്ടുകൾ സ്വീകരിച്ച് തുല്യ തുകയ്ക്കുള്ള ക്രെഡിറ്റ് ഇടപാടുകാരുടെ എസ്.ബി / കറന്റ് അക്കൗണ്ടുകളിൽ നൽകുമ്പോൾ ചുവടെ ചേർക്കുന്ന തിരിച്ചറിയൽ രേഖകളുടെ പകർപ്പ് ഇടപാടുകാരിൽ നിന്നും വാങ്ങേണ്ടതാണ്. കൂടാതെ രേഖകളുടെ ഒറിജിനലുമായി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതുമാണ്.
    1) ആധാർ കാർഡ്
    2) ഡ്രൈവിംഗ് ലൈസൻസ്
    3) വോട്ടർ ഐ ഡി കാർഡ്
    4) പാസ്പോർട്ട്
    5) പാൻ കാർഡ്
    6) ഗവൺമെന്റ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ജീവനക്കാർക്ക് നൽകിയിരിക്കുന്ന തിരിച്ചറിയൽ കാർഡ്

2. ഇപ്രകാരം തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുമ്പോൾ ഇടപാടുകാരിൽ നിന്നും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന അനക്സർ -1 ഒപ്പിട്ടു വാങ്ങേണ്ടതാണ്.

3. നിക്ഷേപിക്കുന്ന നോട്ടുകളുടെ ആകെ തുക 50000/- രൂപയ്ക്ക് മുകളിലാണെങ്കിൽ പാൻ കാർഡിന്റെ പകർപ്പ് നിർബന്ധമായും വാങ്ങിയിരിക്കണം.

4. അംഗ സംഘങ്ങൾ അസാധുവാക്കപ്പെട്ട 500/-, 1000/- രൂപയുടെ നോട്ടുകൾ അവർക്ക് അക്കൗണ്ടുള്ള ബാങ്കുകളിൽ നിക്ഷേപിക്കുമ്പോൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന അനക്സർ -2 ൽ വിശദാംശങ്ങൾ അക്കൗണ്ടുള്ള ബാങ്കിൽ നൽകേണ്ടതാണ്.

5. പ്രാഥമിക സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപം അവർക്ക് അക്കൗണ്ടുള്ള ബാങ്കിൽ നിക്ഷേപിക്കുമ്പോൾ പ്രൈമറി സഹകരണ ബാങ്കിന്റെ പാൻകാർഡിന്റെ പകർപ്പ് നൽകേണ്ടതും പ്രൈമറി സഹകരണ സംഘം ഇടപാടുകാരിൽ നിന്നും സ്വീകരിച്ച നിക്ഷേപവും 08/11/2016 ലെ ബാക്കി നിൽപ്പും റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള KYC നോംസ് പാലിച്ചാണ് സ്വീകരിച്ചിട്ടുള്ളതെന്ന ചീഫ് എക്സിക്യൂട്ടീവിന്റെ സാക്ഷ്യ പത്രവും നൽകേണ്ടതാണ്.

6. ഓരോ ദിവസവും പ്രാഥമിക സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന അസാധുവാക്കപ്പെട്ട 500/–, 1000/– രൂപ നോട്ടുകളുടെ വിവരം പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതാണ്.

7. നോട്ട് കൗണ്ടിംഗ് മെഷീൻ, യു വി ലാംപ്സ് എന്നിവയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ അവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഈ സംവിധാനം ഇല്ലാത്ത സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നോട്ടുകൾ കള്ള നോട്ടുകൾ (Fake Currency) അല്ലെന്ന് ഉറപ്പു വരുത്തേണ്ടതും, സ്വീകരിക്കുന്ന നോട്ടുകളുടെ സീരിയൽ നമ്പർ പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം കള്ള നോട്ടുകൾ സൂക്ഷിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടത് അതാത് സംഘങ്ങളുടെ ചീഫ് എക്സിക്യൂട്ടീവിന്റെ ചുമതലയാണ്.

8. ഇപ്രകാരം നോട്ടുകൾ സ്വീകരിക്കുന്ന സഹകരണ സംഘത്തിൽ സി.സി.ടി.വി സംവിധാനം ഇല്ലെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. സി.സി.ടി.വി സംവിധാനം ഉള്ള സംഘങ്ങൾ ബാക്ക് അപ്പ് സൂക്ഷിക്കേണ്ടതാണ്.

**(ഒപ്പ്)**
**എസ്.ലളിതാംബിക.ഐ.എ.എസ്**
**സഹകരണസംഘംരജിസ്ട്രാർ**

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജില്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
6. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
7. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർമാർക്കും
8. എല്ലാ സഹകരണ ബാങ്കുകൾക്കും, സംഘങ്ങൾക്കും/ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
9. വെബ്സൈറ്റ്
10. സ്റ്റോക്ക് ഫയൽ

# <u>സാക്ഷ്യപത്രം</u>

റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന കെ വൈ സി നോംസ് പാലിച്ചാണ് അസാധുവാക്കപ്പെട്ട 500/–, 1000/– രൂപയുടെ നോട്ടുകൾ നിക്ഷേപകരിൽ നിന്നും സ്വീകരിച്ചിട്ടുള്ളതെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു

ഒപ്പ്<br>
ചീഫ് എക്സിക്യൂട്ടീവ്<br>
________________സഹകരണ സംഘം

സ്ഥലം:<br>
തീയതി:

(ഓഫീസ് സീൽ)

# ANNEXURE- I

# REQUEST SLIP FOR DEPOSIT OF MONEY IN DENOMINATION OF Rs 500/- AND Rs.1000/-

## Name of Society:

<table>
<tr><td>NAME OF DEPOSITOR<br>( IN CAPITAL LETTERS)</td><td colspan="4"></td></tr>
<tr><td rowspan="7">Identity Proof Original to be shown at the counter<br>(Tick the one applicable)<br>Identification Number</td><td colspan="2">Identity Proof</td><td colspan="2">Number mentioned in the Identity Proof submitted</td></tr>
<tr><td colspan="2">Adhar Card</td><td colspan="2"></td></tr>
<tr><td colspan="2">Driving License</td><td colspan="2"></td></tr>
<tr><td colspan="2">Voters ID Card</td><td colspan="2"></td></tr>
<tr><td colspan="2">Passport</td><td colspan="2"></td></tr>
<tr><td colspan="2">Pan Card</td><td colspan="2"></td></tr>
<tr><td colspan="2">Identification Card Issued by Government Department / Public Sector Unit to its staff</td><td colspan="2"></td></tr>
<tr><td rowspan="5">Details of Old High Denomination Bank Notes submitted for deposit</td><td>Denomination</td><td colspan="2">No. of pieces</td><td>Value</td></tr>
<tr><td>Rs.500</td><td colspan="2"></td><td></td></tr>
<tr><td>Rs.1000</td><td colspan="2"></td><td></td></tr>
<tr><td>Total</td><td colspan="2"></td><td></td></tr>
<tr><td colspan="4">Value In Words</td></tr>
<tr><td>If Value above 50000/-</td><td colspan="4">PAN No.</td></tr>
<tr><td>Signature of the Depositor</td><td colspan="4"></td></tr>
<tr><td>Place :-<br><br>Date: -</td><td colspan="4"></td></tr>
</table>

# ANNEXURE- II

Name of Society: Branch:

| Sl. No | Name of Depositor | Type of ID Proof | ID Proof Number | Number of Notes | | Total Value (Rs 500 + 1000) |
|---|---|---|---|---|---|---|
| | | | | Rs. 500 | Rs. 1000 | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

**Place:** **Signature of the Chief Executive & Seal of the Society**

**Date**